നമ്പർ. ഇഎ1/42744/17/ഡി.ടി.ഇ.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം.
തീയതി : 20.11.2017.

## സർക്കുലർ

വിഷയം :- വിദ്യാഭ്യാസം - സാങ്കേതികം - സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ - ബഹു: സുപ്രീം കോടതിയുടെ 26.04.2016 ലെ സിവിൽ അപ്പീൽ നം. 4604/2016, 28.04.2016 ലെ 4502/2016 എന്നീ ഹർജികളിലും അനുബന്ധ ഹർജികളിലും പുറപ്പെടുവിച്ച വിധി നടപ്പിലാക്കുന്നത് - 2008 മുതലുള്ള അസ്സോസിയേറ്റ് പ്രൊഫസ്സർ, പ്രൊഫസ്സർ, പ്രിൻസിപ്പാൾ തസ്തികകളിലെ ഉദ്യോഗക്കയറ്റം പുനഃക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. 07.11.2017 ലെ ജി.ഒ (എംഎസ്)നം. 282/2017/ഉ.വി.വ. നമ്പർ ഉത്തരവ്
2. 16.11.2017 ലെ ജി.ഒ (ആർടി)നം. 2068/2017/ഉ.വി.വ. നമ്പർ ഉത്തരവ്
3. 17.11.2017 ലെ HEdn-ജി1/411/2017/ഉ.വി.വ.

സിവിൽ അപ്പീൽ നമ്പർ 4502/2016, 4604/2016 എന്നീ കേസുകളിൽ ബഹു: സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവുകളുടെ നടപ്പാക്കലുമായി ബന്ധപ്പെട്ട് സൂചന (1)ലെ സർക്കാർ ഉത്തരവ് പ്രകാരം എഞ്ചിനീയറിംഗ് കോളേജുകളിലെ അസ്സോസിയേറ്റ് പ്രൊഫസ്സർ/ പ്രൊഫസ്സർ/ പ്രിൻസിപ്പാൾ തസ്തികകളിൽ 2008 മുതൽ നടന്നിട്ടുള്ള ഉദ്യോഗക്കയറ്റങ്ങൾ പുനഃക്രമീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് മേൽ ഉത്തരവ് ബാധകമാകുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർ ഉൾപ്പെടെയുള്ളവർക്ക് ബോധിപ്പിക്കുവാനുള്ള പരാതികളും ആവലാതികളും പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ അവരെ നേരിൽ കേൾക്കുന്നതിനും സൂചന (2) പ്രകാരം സർക്കാർ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതിക്കു മുൻപാകെ സമർപ്പിക്കുവാനുള്ള പരാതികളും ആവലാതികളും 27.11.2017-ന് മുൻപ് സർക്കാരിലേയ്ക്ക് നേരിട്ട് സമർപ്പിക്കേണ്ടതാണ്. (ജോയിന്റ് സെക്രട്ടറി & കൺവീനർ, ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം). ഈ കാലയളവിനുള്ളിൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളവർക്കും ഇപ്പോൾ അന്യത്ര സേവനത്തിൽ ഉള്ളവർക്കും സമിതി മുൻപാകെ പരാതി സമർപ്പിക്കാവുന്നതാണ്. സമയ പരിധിക്കുശേഷം ലഭിക്കുന്ന പരാതികളും ആവലാതികളും പരിഗണിക്കുന്നതല്ല.

Notice board 21/11

(ഒപ്പ്)
ഡോ.കെ.പി.ഇന്ദിരാദേവി
സാങ്കേതി വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്ജ്)

പകർപ്പ്:-

1. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാൾമാർക്ക് (സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പതിക്കേണ്ടതാണ്)
2. സാങ്കേതിക വിദ്യാഭ്യാസ മേഖല കാര്യാലയ മേധാവികൾക്ക്
3. ഐ.ടി സെൽ (ഡി.ടി.ഇ വെബ്സൈറ്റിൽ നൽകുന്നതിനായി)
3. കരുതൽ സഞ്ചയം

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്